സ്റ്റേഷൻ ക്രൈം നമ്പർ 401/2011-15 പ്രതികൾ -14 പേരെ അറസ്റ്റ് ചെയ്തു. (2) മുക്കം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 68/2015- 2 പ്രതികൾ-ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. (3) പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 519/2014-6 പ്രതികൾ-6 പേരെയും അറസ്റ്റ് ചെയ്തു. (4) പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 42/2015-2 പ്രതികൾ-2 പേരെയും അറസ്റ്റ് ചെയ്തു.

കോഴിക്കോട് ജില്ലയിലെ ഇണേരിയിൽ നടന്ന ആക്രമണം

187 (192) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നാദാപുരത്തിനടുത്ത് ഇണേരിയിൽ ഷിബിൻ എന്ന യുവാവിന്റെ കൊലപാതകത്തിന് ശേഷം നടന്ന അക്രമത്തിലും കൊള്ളയിലും പങ്കെടുത്തവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) അക്രമത്തെ തുടർന്നുണ്ടായ കൊള്ളയിൽ നഷ്ടപ്പെട്ട ആഭരണം, പണം , മറ്റ് സാധനങ്ങൾ എന്നിവ വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(സി) അക്രമം തടയുന്നതിൽ പോലീസിനുണ്ടായ വീഴ്ച പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) സാമുദായിക സൗഹാർദ്ദം തകർക്കുന്ന എല്ലാ നടപടികളെയും ശക്തമായി പ്രതിരോധിക്കുന്നതിന് ഇവിടങ്ങളിൽ ഇന്റലിജൻസ് സംവിധാനം ശക്തമാക്കുമോ ?

ഉത്തരം

(എ) കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ ഉൾപ്പെട്ട പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തും മറ്റ് നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. നാദാപുരം പോലീസ് സ്റ്റേഷനിൽ 59 പേരെയും എടച്ചേരി പോലീസ് സ്റ്റേഷനിൽ 15 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) അറസ്റ്റ് ചെയ്ത പ്രതികളെ ചോദ്യം ചെയ്തും അവരുടെ വീടുകളിലും മറ്റും റെയ്ഡുകളും പരിശോധനകളും നടത്തിയും മുതലുകൾ വീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലയിലെ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ, ജ്വല്ലറികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ആഭരണങ്ങൾ പണയം വച്ചിട്ടുണ്ടോ; വില്പന നടത്തിയിട്ടുണ്ടോ എന്നറിയാനായി നോട്ടീസുകൾ നൽകിയിട്ടുണ്ട്.

(സി) അക്രമം തടയുന്നതിൽ പോലീസിനു വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇന്റലിജൻസ് സംവിധാനം ശക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly